"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - മലപ്പുറം നിറമരുതൂർ ഗ്രാമപഞ്ചായത്തിലെ നിറമരുതൂർ ഹയർസെക്കൻഡറി സ്കൂളിന് ടോയ്‌ലെറ്റ് ബ്ലോക്ക്, ഓപ്പൺ ഗാലറി എന്നിവ നിർമ്മിച്ചതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽപരിശോധന- കുറ്റാരോപിതർക്കെതിരെ അച്ചടക്കനടപടി - 1960ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2), കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) എന്നിവ പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.567/2026/LSGD തീയതി,തിരുവനന്തപുരം, 03-03-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09.03.2023-ലെ E15-(SC-96/2022/MPM)39206/ 2022/DVACB നമ്പർ റിപ്പോർട്ട്
2. 04.07.2023-ലെ EWA2/39/2023-LSGD നമ്പർ സർക്കാർ കത്ത്
3. 04.07.2023-ലെ EWA2/39/2023-LSGD നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീ. സജീവ് എ.കെ., ശ്രീമതി സജിത എ., ശ്രീമതി ജുമൈലത്ത് വി.വി., ശ്രീ. മഹേഷ് ഒ., അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി മഞ്ജു ജി., ശ്രീമതി ലിസ്സി പി.സി. എന്നിവർ സമർപ്പിച്ച പ്രതിവാദപത്രിക

**ഉത്തരവ്**

2018-19 വർഷത്തെ താനൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മലപ്പുറം നിറമരുതൂർ ഗ്രാമപഞ്ചായത്തിലെ നിറമരുതൂർ ഹയർ സെക്കൻഡറി സ്കൂളിന് ടോയ്‌ലെറ്റ് ബ്ലോക്ക്, ഓപ്പൺ ഗാലറി എന്നിവ നിർമ്മിച്ചതുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച ശേഷം വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീമതി സജിത എ.(PEN-729335) ശ്രീ. സജീവ് എം.കെ.(PEN-493133), ശ്രീമതി ജുമൈലത്ത് വി.വി.(PEN-680086), അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീ. മഹേഷ് ഒ. (PEN-369582), ശ്രീമതി മഞ്ജു ജി.(PEN-523014), ശ്രീമതി ലിസ്സി പി.സി.

(PEN-486094) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയുള്ള അച്ചടക്കനടപടി ആരംഭിച്ച് പരാമർശം 3 കുറ്റപത്രം, കുറ്റാരോപണപത്രിക എന്നിവ നൽകുകയുണ്ടായി. ഇതിന് മറുപടിയായി, കുറ്റങ്ങൾ നിഷേധിച്ചുകൊണ്ടുള്ള പ്രതിവാദപത്രികകൾ ടിയാളുകൾ ലഭ്യമാക്കുകയുണ്ടായി. അച്ചടക്കനടപടി സ്വീകരിച്ച് വരവെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സജീവ് എം.കെ. 31.05.2025-ലും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലിസ്സി പി.സി. 30.09.2025-ലും സർവീസിൽ നിന്ന് വിരമിച്ചതിനാൽ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) പ്രകാരവുമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

2. ഇതേ വിഷയത്തിൽ കുറ്റാരോപിതരായ റിട്ട.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുൽഫീക്കർ എൻ.(PEN-600408), റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. മനോജ്കുമാർ സി.ബി.(PEN-717053), റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജഗന്നിവാസൻ പി.(PEN-698110) എന്നിവർക്കെതിരെ വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ, കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(c) പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുവാൻ നടപടിയെടുത്ത് വരുന്നു.

3. അച്ചടക്കനടപടി തീർപ്പാക്കാത്തതിനെതിരെ റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സജീവ് എം.കെ. ബഹു. Kerala Administrative Tribunal മുൻപാകെ OA 246/2026 ഫയൽ ചെയ്യുകയും ആയതിൽ അച്ചടക്കനടപടി തീർപ്പാക്കുവാൻ ആവശ്യമായ സമയം ബഹു. ട്രൈബ്യൂണൽ തേടിയിരിക്കുകയുമാണ്. **ആകയാൽ അച്ചടക്കനടപടിക്രമങ്ങൾ വളരെ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്.**

4 . വിജിലൻസ് മിന്നൽപരിശോധന റിപ്പോർട്ടിൽ കണ്ടെത്തിയ കുറ്റങ്ങളുടെ അടിസ്ഥാനത്തിൽ, മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി സജിത എ. (നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം കോർപറേഷൻ), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ജുമൈലത്ത് വി.വി, അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീ. മഹേഷ്. ഒ, ശ്രീമതി മഞ്ജു. ജി, എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള അച്ചടക്ക നടപടിയും, അച്ചടക്കനടപടി സ്വീകരിച്ച് വരവെ സർവീസിൽ നിന്ന് വിരമിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സജീവ് എം.കെ., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലിസ്സി പി.സി. എന്നിവർക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) പ്രകാരവുമുള്ള അച്ചടക്ക നടപടിയും സ്വീകരിക്കുന്നതിന്റെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിനായി കോഴിക്കോട് നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീമതി സീന അലക്സ്. ഇ-യെ (PEN: 438296) അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് ഉത്തരവാകുന്നു. കൂടാതെ, റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുൽഫീക്കർ എൻ., റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. മനോജ്കുമാർ സി.ബി., റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജഗന്നിവാസൻ പി. എന്നീ കുററാരോപിതർക്കെതിരെ പരാമർശം 1 വിജിലൻസ് റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ള കുററങ്ങളിൽ ടിയാൾക്കാരുടെ പങ്കും കൂടി ടി ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി അന്വേഷണ വിധേയമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

**5.** 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, Manual of Disciplinary Proceedings എന്നിവയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും വാദിഭാഗം, പ്രതിഭാഗം, സാക്ഷിമൊഴികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട്, മേൽപ്പറഞ്ഞ OA246/2026-കേസിന്റെ കൂടി പശ്ചാത്തലത്തിൽ, അന്വേഷണ ഉദ്യോഗസ്ഥ **3 ആഴ്ചയ്ക്കകം സമർപ്പിക്കേണ്ടതാണ്** എന്ന് കൂടി നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീമതി സീന അലക്സ്. ഇ (PEN: 438296), സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോഴിക്കോട് നോർത്ത് സർക്കിൾ
2. ശ്രീമതി സജിത എ. (PEN-729335), എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം കോർപറേഷൻ
3. ശ്രീമതി ജുമൈലത്ത് വി.വി.(PEN-680086), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരൂർ ബ്ലോക്ക് പഞ്ചായത്ത്
4. ശ്രീ. മഹേഷ് ഒ.(PEN-369582), അസിസ്റ്റന്റ് എഞ്ചിനീയർ
5. ശ്രീമതി മഞ്ജു ജി. (PEN-523014), അസിസ്റ്റന്റ് എഞ്ചിനീയർ
6. ശ്രീ. സജീവ് എം.കെ.(PEN-493133), റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
7. ശ്രീമതി ലിസ്സി പി.സി. (PEN-486094), റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ
8. ശ്രീ. സുൽഫീക്കർ എൻ.(PEN-600408), റിട്ട.എക്സിക്യൂട്ടീവ് എഞ്ചിനിയർ
9. ശ്രീ. മനോജ്കുമാർ സി.ബി. (PEN:717053), റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
10. ശ്രീ. ജഗന്നിവാസൻ പി. (PEN:698110), റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ
    **(1 മുതൽ 10 വരെ ത.സ്വ.ഭ.വ. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
11. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ **(ഈ ഉത്തരവുപ്രകാരമുള്ള അടിയന്തര നടപടിയ്ക്കായി)**
12. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
13. സ്റ്റോക്ക് ഫയൽ [EWA2/39/2023-LSGD-Part(1)]

ഉത്തരവിൻ പ്രകാരം

**Signed by Asha. R**
**Date: 04-03-2026 22:51:47**

സെക്ഷൻ ഓഫീസർ